(Pages : 4 + Map)

505

www.mathsblog.in

Sl. No.

# T.H.S.L.C EXAMINATION, MARCH-2013
## HUMANITIES

**Time : 2½ Hours** | **Total Score : 80**

**നിർദ്ദേശങ്ങൾ :**

- സമാശ്വാസ സമയം 15 മിനിട്ട്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഉത്തരം എഴുതുമ്പോൾ മാർക്കും സമയവും പരിഗണിക്കണം.

---

**Score**

1. ഫ്രഞ്ച് വിപ്ലവം സൃഷ്ടിച്ച ഫലങ്ങളിൽ ഒന്നാണ് താഴെ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് മൂന്ന് ഫലങ്ങൾ കൂടി എഴുതുക. 3

   ➢ ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലമായി രാജഭരണം അവസാനിച്ചു.

2. ചുവടെ കൊടുത്തിട്ടുള്ള മർദ്ദമേഖലകൾക്കിടയിൽ വീശുന്ന കാറ്റുകൾ ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക. 3

| മർദ്ദമേഖലകൾ | കാറ്റുകൾ |
|---|---|
| ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾക്കും മധ്യരേഖ നിമ്നമർദ്ദമേഖലയ്ക്കും ഇടയിൽ | A |
| ഉപോഷ്ണ ഉച്ചമർദ്ദമേഖലകൾക്കും ഉപധ്രുവീയ നിമ്നമർദ്ദമേഖലകൾക്കും ഇടയിൽ | B |
| ധ്രുവീയ ഉച്ചമർദ്ദമേഖലകൾക്കും ഉപധ്രുവീയ നിമ്നമർദ്ദമേഖലകൾക്കും ഇടയിൽ | C |

3. വ്യാവസായികവിപ്ലവ സമയത്ത് ഇംഗ്ലണ്ടിലെ തൊഴിലാളികൾ അനുഭവിച്ച പീഡനങ്ങളാണ് താഴെ ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുള്ളത്. കൂടുതൽ ഉൾപ്പെടുത്തി ചിത്രം പൂർണ്ണമാക്കുക. 3




P.T.O.

Score

4. ചില ഘടകങ്ങൾ ബാഷ്പീകരണതോതിനെ സ്വാധീനിക്കുന്നു. ഏതൊക്കെയാണ് അവ? കുറിപ്പെഴുതുക. 2

5. "സാമ്രാജ്യത്വ അധിനിവേശത്തിന് അനുകൂലമായ ആഭ്യന്തര സാഹചര്യം ഇന്ത്യയിൽ ഉണ്ടായിരുന്നു." ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക. 4

6. മലേഷ്യ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങൾ സ്ഥിതിചെയ്യുന്നത് ഏതുതരം കാലാവസ്ഥാമേഖലയിലാണ്? ഇവിടങ്ങളിലെ കാലാവസ്ഥയുടെ സവിശേഷതയെന്ത്? 3

7. ജർമ്മനിയിൽ ഹിറ്റ്ലർ നടപ്പിലാക്കിയ സ്വേച്ഛാധിപത്യഭരണം വിശദീകരിച്ച് കുറിപ്പെഴുതുക. (ഏതെങ്കിലും നാല് വസ്തുതകളെ അടിസ്ഥാനമാക്കി.) 4

8. 'ആൽപ്പൈൻ സിസ്റ്റം' ഏതു വൻകരയിൽ ഉൾപ്പെടുന്ന ഭൂപ്രകൃതി വിഭാഗമാണ്? ഈ പ്രദേശം സ്ഥിതിചെയ്യുന്നത് വൻകരയുടെ ഏതു ഭാഗത്താണ്? 2

9. ചില സൂചനകൾ ചുവടെ നൽകിയിരിക്കുന്നു. അവ വികസിപ്പിച്ച് ലഘു കുറിപ്പെഴുതുക. 2
റൂസ്‌വെൽറ്റ് __________ ന്യൂഡീൽ __________ ലോക സാമ്പത്തിക മാന്ദ്യം

10. തന്നിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ താഴെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങൾ അടയാളപ്പെടുത്തുക. 4
   (a) കാരക്കോറം പർവ്വതനിര
   (b) മഹാരാഷ്ട്രാ സംസ്ഥാനം
   (c) കാവേരി നദി
   (d) ന്യൂഡെൽഹി

11. സ്വാതന്ത്ര്യാനന്തര ഇന്ത്യാ ചരിത്രവുമായി ബന്ധപ്പെട്ട ചില ചരിത്ര സംഭവങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്. അവയെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക. 4
   - ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ്
   - ഇന്ത്യ റിപ്പബ്ലിക്കായി
   - സംസ്ഥാന പുനസംഘടനാ കമ്മീഷൻ നിലവിൽ വന്നു
   - പഞ്ചവൽസര പദ്ധതികൾക്ക് തുടക്കം കുറിച്ചു

12. ഇന്ത്യയിലെ മണ്ണിനങ്ങളുടെ വിതരണവും ഭൂപ്രകൃതിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് കുറിപ്പെഴുതുക. 4

13. മുസ്ലീം ലീഗ് ക്യാബിനറ്റ് മിഷൻ പദ്ധതിയിൽ അംഗമാകാൻ വിസമ്മതിച്ചതിനുള്ള കാരണം എന്തായിരുന്നു? 2

Score

14. മാംഗോഷവർ, കാൽബൈശാഖി എന്നീ കാലാവസ്ഥാ പ്രതിഭാസങ്ങളെ താരതമ്യം ചെയ്ത് സമാനതകൾ എഴുതുക. 2

15. 'ഇന്ത്യൻ സമൂഹത്തിന് വംശ ശുദ്ധി നിലനിർത്താൻ കഴിയുന്നില്ല'. പ്രസ്താവനയെ സാധൂകരിച്ച് കുറിപ്പെഴുതുക. 4

16. കുടിയേറ്റം ഒരു പ്രദേശത്ത് സൃഷ്ടിക്കുന്ന ഗുണഫലങ്ങളും ദോഷഫലങ്ങളും എഴുതുക. 4

17. ചുവടെ നൽകിയിട്ടുള്ളവയിൽ ഏതുതരം നഗരവാസസ്ഥലത്തിന് ഉദാഹരണമാണ് മുംബൈ? 1

(a) പട്ടണം

(b) നഗരം

(c) മെട്രോപൊളിറ്റൻ

(d) മെഗാലോപൊളിസ്

18. സമകാലിക ലോകത്ത് പ്രത്യക്ഷ ജനാധിപത്യം അപ്രായോഗികമാകുന്നത് എന്തുകൊണ്ട്? ഏതെങ്കിലും മൂന്ന് വസ്തുതകൾ എഴുതുക. 3

19. സുസ്ഥിര വികസനത്തിന് വിഘാതമാകുന്ന നിരവധി പ്രവർത്തനങ്ങൾ നമുക്കുചുറ്റും നടക്കുന്നുണ്ട്. ഏതൊക്കെയാണ് അവ? വിശദീകരിച്ച് കുറിപ്പെഴുതുക. 5

20. ജനാധിപത്യം ഒരു ജീവിത രീതിയായി കണക്കാക്കുമ്പോൾ നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? ഏതെങ്കിലും മൂന്നെണ്ണം എഴുതുക. 3

21. 1969 ജൂലൈ 19-ന് 14 ബാങ്കുകൾ ഇന്ത്യയിൽ ദേശസാൽക്കരിച്ചു. ഇതിനു കാരണമായ മൂന്ന് സാഹചര്യങ്ങൾ എഴുതുക. 3

22. സ്ത്രീവിവേചനം അവസാനിപ്പിക്കുന്നതിനും സ്ത്രീ-പുരുഷ സമത്വം ഉറപ്പാക്കുന്നതിനും വേണ്ടി 1979-ൽ യു.എൻ. പ്രഖ്യാപിച്ച സ്ത്രീ സംരക്ഷണ നടപടികൾ ഏതെങ്കിലും നാലെണ്ണം എഴുതുക. 4

23. ഭാവി തലമുറയെ യുദ്ധത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കുക 4

ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ് മുകളിൽ നിങ്ങൾ വായിച്ചത്.

മറ്റ് എന്തൊക്കെ ലക്ഷ്യങ്ങളാണ് നിങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ളത്? നാലെണ്ണം എഴുതുക.

Score

24. [illegible] 3




25. എന്താണ് വിദേശ പ്രത്യക്ഷനിക്ഷേപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? വിദേശമൂലധന നിക്ഷേപങ്ങളെ സംബന്ധിച്ച് പ്രത്യേകതകൾ ഉൾപ്പെടുത്തി കുറിപ്പെഴുതുക. 4

- o 0 o -